**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 136** **07-06-2021 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണ് ഉള്ളതെന്നും എ.എ.വൈ., മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നിങ്ങനെ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കാമോ; | (എ) | കോതമംഗലം താലൂക്കിൽ ആകെ 69886 റേഷൻ കാർഡുകളാണ് ഉള്ളത്. ഓരോ വിഭാഗത്തിലുമുള്ള കാർഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. അന്ത്യോദയ അന്നയോജന (എ.എ.വൈ) - 3896 പി.എച്ച്.എച്ച് - 24560 മുൻഗണനേതര സബ്സിഡി (എൻ.പി.എസ്) - 18562 മുൻഗണനേതര നോൺ സബ്സിഡി (എൻ.പി.എൻ.എസ്) - 22100 മുൻഗണനേതര ഇൻസ്റ്റിറ്റ്യൂഷൻ (എൻ.പി.ഐ) - 768 ആകെ കാർഡുകൾ - 69886 |
| (ബി) | നിലവിൽ എപിഎൽ വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബിപിഎൽ വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ബിപിഎൽ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി ബി.പി.എൽ/ എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. മുൻഗണനാ വിഭാഗത്തിലേക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി സമർപ്പിച്ച 4273 അപേക്ഷകളിൽ 2753 കാർഡുകൾ പി.എച്ച്.എച്ച് വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്. |
| (സി) | അർഹരായ മുഴുവൻ അപേക്ഷകരുടെയും കാർഡുകൾ ബിപിഎൽ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | അനർഹരെ കണ്ടെത്തി ഒഴിവാക്കികൊണ്ടും അപേക്ഷകരെ ഹിയറിംഗ് നടത്തിയും ആവശ്യമെങ്കിൽ ഫീൽഡ് എൻക്വയറി നടത്തിയും അർഹരായ അപേക്ഷകരുടെ കാർഡുകൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ